കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ ഓഡിറ്റ് റിപ്പോർട്ട് 2022–23

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം/മിസ്.1 /1250/2023

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം-695001.

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

തീയതി : 06.10.2023

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,
പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ.

സർ,

വിഷയം :- പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച് -

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/1250/2023 **തീയതി : 06.10.2023**

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2022-2023 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ഹരികുമാർ.ജി, ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ പേര് വിവരം	ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	21.07.2023
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ

നിർവഹണാധികാരികൾ

ചെയർമാൻ	ശ്രീ. പന്ന്യൻ രവീന്ദ്രൻ
സെക്രട്ടറി	ഡോ. എഴുമറ്റൂർ രാജരാജവർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ	ശ്രീ. എസ്. ഗോപിനാഥ് ഐ.പി.എസ്(റിട്ട.)
ട്രഷറർ	ശ്രീ. ബി. സനിൽകുമാർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഭാഗം -1

പൊതു അവലോകനം

1-1 പൊതു അവലോകനം

തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 17.07.1989 ൽ 575/89-ാം നമ്പരായി രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന സാംസ്കാരിക സംഘടനയാണ് പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് അരനൂറ്റാണ്ടിലേറെക്കാലം നിറഞ്ഞുനിന്ന പ്രൊഫ.എൻ.കൃഷ്ണപിള്ളയുടെ മൂല്യങ്ങളും ആശയാദർശങ്ങളും ഉയർത്തിപ്പിടിച്ചുക്കൊണ്ട് അദ്ദേഹത്തിന്റെ ധന്യസ്മരണ നിലനിർത്തുന്നതിന് ഉചിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപനം രൂപീകൃതമായിട്ടുള്ളത്. പ്രൊഫ.എൻ.കൃഷ്ണപിള്ളസ്മാരക സംസ്കൃതികേന്ദ്രം എന്ന ആസ്ഥാനമന്ദിരത്തിൽ എം.കെ.ജോസഫ് മിനി തിയേറ്റർ, പ്രൊഫ.എൻ.കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല-പഠന ഗവേഷണ കേന്ദ്രം, പ്രൊഫ.എൻ.കൃഷ്ണപിള്ള മ്യൂസിയം, ഡിജിറ്റൽ ഗ്രന്ഥശാല, കുട്ടികളുടെ ഗ്രന്ഥശാല, ദൃശ്യ-ശ്രവ്യ നാടക പഠനകേന്ദ്രം, കൃഷ്ണ ഡിജിറ്റൽസ് (റിക്കാർഡിംഗ് എഡിറ്റിംഗ് സ്റ്റുഡിയോ), മലയാള ഭാഷാപഠനകേന്ദ്രം, നന്ദനം ബാലവേദി, സാഹിതീ സഖ്യം, എൻ. കൃഷ്ണപിള്ള നാടകവേദി എന്നിവ പ്രവർത്തിച്ചു വരുന്നു. 2022-23 വർഷത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ ഒരു ജനറൽ കൗൺസിൽ യോഗവും 3 ഗവേണിംഗ് കൗൺസിൽ യോഗങ്ങളും കൂടിയിട്ടുണ്ട്. കൗൺസിൽ യോഗ തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നുമുണ്ട്.

1-2 2022-23 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

,,
പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മവാർഷികദിനമായ 2022 സെപ്റ്റംബർ 22 ന് നാടകോത്സവം സംഘടിപ്പിച്ചു. നാടകപരിശീലനക്കളരി,ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്,പ്രൊ.ആനന്ദക്കുട്ടൻ നായർ അനുസ്മരണം,സാഹിതീസഖ്യം,നന്ദനം ബാലവേദി,മലയാള ദിനാഘോഷം,സിവിൽ സർവ്വീസ് ഫൌണ്ടേഷൻ കോഴ്സ് തുടങ്ങിയ പ്രവർത്തനങ്ങളും 2022-23 വർഷം സംഘടിപ്പിക്കുകയുണ്ടായി.

1-3 ബജറ്റ്

2022-23 ലെ വാർഷിക ബജറ്റ് 2022 മാർച്ച് 26 ന് ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 42,70,000/- രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് 3249951.58-രൂപയും ചെലവ് 3829608/-രൂപയുമാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

ക്രമ നം.	ഗ്രാന്റ് അനുവദിച്ച ഉത്തരവ്	തുക (രൂപ)	അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി
I	വാർഷിക ഗ്രാന്റ്		
1	നം. എ2-459/22/21/സാം. വ, തീയതി, 13-7--22	375,000/-	30-8-22
2	നം. 631/2022സാം. വ, തീയതി, 2-11-22	345000/-	16-12-22
3	നം. A2-210/22സാം. വ, തീയതി 13-7-22	150,000/-	20-7-22
4.	നം. A2-210/22സാം. വ, തീയതി 27-8-22	150000	30-8-22
5	നം. A2-210/22സാം. വ, തീയതി 18-10-22	100000	25-10-22
6	നം. A2-210/22സാം. വ, തീയതി 13-3-23	100000	30-3-23
II	പ്രത്യേക ധനസഹായം		
1	സ.ഉ.(സാധാ) നം. 307/2022/സാം.കാ.വ, തീയതി. 20-6-22	200,000/-	30-7-22
	ആകെ	**1420000**	

2-2 മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തുക (രൂപ)	ക്രഡിറ്റ് തീയതി
1	കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ	88690	24.08.2022

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്രിന്റിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

ലളിതം മലയാളം പരിപാടിയുടെ പാഠപുസ്തകങ്ങൾ പ്രിന്റിംഗ് നടത്തുന്നതിനായി അക്ഷര ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 108000/- രൂപ നൽകിട്ടുണ്ട്. (വൗച്ചർ നം.264/22-23). എന്നാൽ ടി പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ 7.6, 7.7, 7.31 എന്നിവ പ്രകാരം 15000/- രൂപയിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുജനങ്ങൾക്കുള്ള സേവനം തടസ്സപ്പെടാതിരിക്കാനായി, അടിയന്തിര സാഹചര്യം പരിഗണിച്ച് പ്രവൃത്തി ചെയ്തപ്പോൾ ക്വട്ടേഷൻ/ടെണ്ടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.1 ന് മറുപടി നല്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ സർക്കാർ ഉത്തരവു കൃത്യമായി പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-2 മരാമത്ത് പ്രവൃത്തി-എഗ്രിമെന്റ് വച്ചില്ല

നാടകപഠന കേന്ദ്രത്തിൽ നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ആകെ 10,72,344/- രൂപ തൻവർഷം ചെലവഴിച്ചു. റൂഫിംഗ് പ്രവൃത്തികൾക്കായി AJ Engineering എന്ന സ്ഥാപനത്തിനും, ഫ്ലോറിംഗ്, ടൈലിംഗ് ജോലികൾക്കായി PRIME Home Makers എന്ന സ്ഥാപനത്തിനും താഴെ പറയുന്ന പ്രകാരം തുക നല്കിയിട്ടുണ്ട്.

ക്രമ നം.	ചെക്ക് നം., തീയതി	തുക (രൂപ)	സ്ഥാപനം
1	048118/15-3-23	30000	AJ Engineering

2	048112/15-2-23	76000	ടി
3	048104/23-1-23	47500	ടി
4	048102/6-1-23	142500	ടി
5	048100/4-1-23	66500	ടി
6	048096/16-12-22	250000	ടി
7	048114/27-2-23	98000	Prime Homemakers
8	048103/13-1-23	98000	ടി

ടി സ്ഥാപനങ്ങളെ ക്വട്ടേഷൻ നടപടിയിലൂടെ ആണ് തെരഞ്ഞെടുത്തിട്ടുള്ളതെങ്കിലും അവയുമായി എഗ്രിമെന്റ് ഒപ്പു വച്ചിട്ടില്ല. ഭാവിയിൽ ടി അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് ഓഡിറ്റ് എന്ക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	2537856.93
വരവ്	3249951.58
ആകെ	5787808.51
ചെലവ്	3829608
നീക്കിയിരിപ്പ്	1958200.51

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

		പാസ്സ് ബുക്ക് പ്രകാരം	കാഷ് ബുക്ക് പ്രകാരം
കയ്യിരിപ്പ് പണം	8327		8327
ബാങ്ക് (എസ്. ബി. ഐ) A/C No 67003353999		327454	327454
ബാങ്ക് (എസ്. ബി. ഐ) A/C No 67028734965		2709	2709
ട്രഷറി (എസ് ബി അക്കൗണ്ട്) 799010100057942		119709	119709
ഫിക്സ്ഡ് ഡിപ്പോസിറ്റുകൾ		1500000	1500000
ആകെ			**4835787**

4-2 സ്ഥിരനിക്ഷേപം

വെള്ളയമ്പലം സബ് ട്രഷറിയിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ (പലിശ നിരക്ക് 7.5%) ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥിരനിക്ഷേപ നം.	തുക (രൂപ)	സ്ഥിരനിക്ഷേപ കാലാവധി പൂർത്തിയാകുന്ന തീയതി
1	799010502186039	5,00,000.00	30.09.2027
2	799010501648564	10,00,000.00	07.09.2023
	ആകെ	**15,00,000.00**	

4-3 ഓഡിറ്റ് ചാർജ്ജ്

(എ)

2021-22 ലെ ആകെ വരവ് (രൂപ)	3249951.58
കുറയ്ക്കുക - ഗ്രാന്റുകൾ (രൂപ)	1508690
കുറയ്ക്കുക – FD Closure (രൂപ)	978327
കുറയ്ക്കുക – Endowment (രൂപ)	500000
കുറയ്ക്കുക -Tax Refund (രൂപ)	1430
ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരവ് (രൂപ)	261504.58
ഓഡിറ്റ് ചാർജ്ജ് 1% (രൂപ)	2615

2022-23വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ 2615/- രൂപ "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെലാൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും വിവരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ബി) - ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക (രൂപ)	അടവാക്കാൻ ശേഷിക്കുന്ന തുക	ചെലാൻ നം./തീയതി
2021-22	2402	2402	-	KL001887850020222 3M/19.10.22

4-4 അനുബന്ധപത്രികകൾ

1) 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2) 2022-23 വർഷത്തെ വരവു ചെലവു പത്രിക അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടേയും അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന് 2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 14,20,000/- രൂപ (പതിന്നാലു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) യുടെ ധനസഹായം സർക്കാർ നിർദ്ദേശമനുസരിച്ച് വിനിയോഗിച്ചിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 2

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവ് ചെലവ് പത്രിക

വരവിനം	തുക (രൂപ)	ചെലവിനം	തുക (രൂപ)
മുന്നിരിപ്പ്	2537856.00	പ്രിന്റിംഗ്, സ്റ്റേഷനറി	18351.00
		പോസ്റ്റേജ്	9116.00
വാടക	482350.00	കലോത്സവം	367503.00
ലൈബ്രറി മെമ്പർഷിപ്പ്	35500.00	നാടകോത്സവം	357667.00
സ്പോൺസർഷിപ്പ്	115250.00	സർഗ്ഗശേഷി വികസന ശില്പശാല	23150.00
സംഭാവന	125001.00	ലളിതം മലയാളം കോഴ്സ്	223925.00
പുസ്തക വിറ്റു വരവ്	9933.00	നാടക പഠന കേന്ദ്രം	1072344.00
പാഴ് വസ്തുക്കൾ - വിറ്റു വരവ്	2820.00	പ്രിന്റിംഗ് ചാർജ്	28400.00
ലളിതം മലയാളം കോഴ്സ് ഫീ	285000.00	ലൈബ്രറി എക്സ്പെൻസ്	261386.00
ഗവേഷക വിദ്യാർത്ഥികളിൽ നിന്നും ഫീസ്	7000.00	റ്റീ &റിഫ്രെഷ്മെന്റ്	21491.00
പലവക വരവുകൾ	20686.00	യാത്രാ ബത്ത	10421.00
ഗ്രാന്റ് - കേരള സർക്കാർ 1) ഗ്രാന്റ് ഇൻ എയ്ഡ് 2) സ്പെഷ്യൽ ഗ്രാന്റ് 3) ലൈബ്രറി ഗ്രാന്റ്	1508690.00	ഇൻവെന്ററീസ്	413971.00
പലിശ	6156.00	ഓഡിറ്റ് ഫീസ്	28362.00
ഫിക്സഡ് ഡെപ്പോസിറ്റ് പിൻവലിക്കൽ	150135.00	ലീഫ്റ്റ് റിലേറ്റഡ് എക്സ്പെൻസ്	47650.00
		വെബ്സൈറ്റ് ചാർജ്	10925.00
		റീ ഫണ്ട് ഓഫ് ഹാൾ റെന്റ്	3500.00
		TDS ഡിഡക്ഷൻ ഇൻ ട്രഷറി	1858.00
		ഫയർ ഇൻഷ്വറൻസ്	25485.00
		അറ്റകുറ്റപ്പണി	121715.00
		ടെലിഫോൺ ചാർജ്ജസ്	21332.00
		വെള്ളക്കരം	71190.00
എൻഡോവ്മെന്റ് രസീത്	500000.00	ഇലക്ട്രിസിറ്റി ചാർജ്ജസ്	53092.00
ടാക്സ് റീഫണ്ട്	1430.00	ഫ്യുവൽ ചാർജ്ജസ്	36910.00
		ക്ലീനിംഗ് മെറ്റീരിയൽസ്	5120.00
		സർവ്വീസ് ചാർജ്ജ്	2250.00
		ഗവേഷക വിദ്യാർത്ഥികളിൽ നിന്നും ഫീസ്	8600.00
		സാലറി	547746.00
		പലവക ചെലവുകൾ	36148.00
		ആകെ	**3829608**
		നീക്കിയിരിപ്പ് cash in hand : 8327.00 cash at bank : 327454.96 (A/c No. – 67003353999) cash at bank : 2709.55 (A/c No. 67028734965) cash at treasury : 119709.00 (TSB A/c No. 799010100057942)	449873.51

		ഫിക്സഡ് ഡെപ്പോസിറ്റുകൾ – 15,00,000	
ആകെ	**5787808.00**	**ആകെ**	**5787808.00**

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്